**<u>പൊതുതിരഞ്ഞെടുപ്പ് 2025 - അടിയന്തരം</u>**

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
തിരുവനന്തപുരം -695033

നമ്പർ: B2/132/2025-SEC-Part(1) തീയതി: **11-12-2025**

**പ്രേഷകൻ**

സെക്രട്ടറി

**സ്വീകർത്താവ്**

ട്രഷറി ഡയറക്ടർ,
തിരുവനന്തപുരം.

സർ,

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തിരഞ്ഞെടുപ്പ് 2025 - വോട്ടെണ്ണി ഫലപ്രഖ്യാപനത്തിനുശേഷം DMM പായ്ക്കറ്റ് ഉൾപ്പെടെയുള്ള തിരഞ്ഞെടുപ്പ് രേഖകൾ സുരക്ഷിത സൂക്ഷിപ്പിൽ സർക്കാർ ട്രഷറിയിൽ വയ്ക്കുന്നത് - 2025 ഡിസംബർ 13 (ശനി) പ്രവർത്തി ദിനമാക്കുന്നത് - സംബന്ധിച്ച്

സൂചന:- കമ്മീഷന്റെ 23.11.2025-ലെ ബി2/132/2025-സം.തി.ക നമ്പർ സർക്കുലർ.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തിരഞ്ഞെടുപ്പ് 2025 ഡിസംബർ 09, 11 തീയതികളിൽ നടത്തിയതിനുശേഷം 2025 ഡിസംബർ 13 ന് വോട്ടെണ്ണി ഫലപ്രഖ്യാപനം നടത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

ഇപ്രകാരം വോട്ടെണ്ണി ഫലപ്രഖ്യാപനനടപടികൾ പൂർത്തിയാക്കിയ ശേഷം അന്നേദിവസം തന്നെ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള തിരഞ്ഞെടുപ്പ് രേഖകൾ സർക്കാർ ട്രഷറികളുടെ സ്ട്രോംഗ് റൂമുകളിൽ വയ്ക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ, വോട്ടെണ്ണൽ ദിവസമായ **2025 ഡിസംബർ 13 (രണ്ടാം ശനി)** പൊതുഅവധി ദിനമാണെങ്കിൽകൂടി തിരഞ്ഞെടുപ്പ് രേഖകൾ സർക്കാർ ട്രഷറികളുടെ സ്ട്രോങ്ങ് റൂമുകളിൽ സുരക്ഷിത സൂക്ഷിപ്പിൽ വയ്ക്കുന്നതിന് ബന്ധപ്പെട്ട എല്ലാ സർക്കാർ ട്രഷറികളും തുറന്നു പ്രവർത്തിക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട ട്രഷറി ഓഫീസർമാർക്ക് അടിയന്തരമായി നൽകണമെന്ന കമ്മീഷന്റെ നിർദേശം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

Signed by
Prakash B S
Date: 11-12-2025 09:20:47

PRAKASH.B.S
SECRETARY

പകർപ്പ് :

1. എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും (ട്രഷറികൾ തുറന്നു പ്രവർത്തിക്കുന്നത് ഉറപ്പാക്കുന്നതിന്)
2. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന വരണാധികാരികൾ (ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ മുഖാന്തിരം)
3. ബന്ധപ്പെട്ട ട്രഷറി ഓഫീസർമാർക്ക്
4. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും (ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ മുഖാന്തിരം)
5. കമ്മീഷണറുടെ പി.എസ്

'ജനഹിതം', റ്റി.സി. 27/6(2), വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം 695033,
ഫോൺ :0471-2325048(അഡ്മിനിസ്ട്രേഷൻ ),0471-2337884(ഇലക്ഷൻ )
e-mail:cru.sec@kerala.gov.in,website:www.sec.kerala.gov.in